

# THE Ruby

Tech-Mag

Little KITEs

**GOVERNMENT HIGHER SECONDARY SCHOOL PORUR**

CHERUKODE, WANDOOR PH: 04931 246960

പോരൂർ ഗവൺമെന്റ് ഹയർ സെക്കൻണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റിൻെറ ആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന ഇ-മാഗസിൻ ഏറ്റവും ആകർഷകമാക്കാൻ പരിശ്രമിച്ച എല്ലാ കൂട്ടുകാർക്കും അഭിനന്ദനങ്ങൾ. തുടർന്നും നിങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റടുത്ത് നടത്താൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.



ഹെഡ്മാസ്റ്റർ
സതീശൻ.കെ.വി.എം

പോരൂർ ഗവൺമെന്റ് ഹയർ സെക്കൻണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റിൻെറ ആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന ഇ-മാഗസിൻ ആകർഷകമാക്കാൻ പരിശ്രമിച്ച എല്ലാ പ്രതിഭാശാലികളായ ക്ലബ് അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.



ശ്രീജിത്ത്
പ്രിൻസിപ്പാൾ

പോരൂർ ഗവൺമെന്റ് ഹയർ സെക്കൻണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റിൻെറ ആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ ആകർഷകമാക്കിക്കൊണ്ട് രചനയുടെയും വായനയുടെയും വേറിട്ട വഴികൾ പരിചയപ്പെടുത്തുവാൻ പരിശ്രമിച്ച എല്ലാ ക്ലബ് അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.



വി.പി. സുലൈമാൻ
പി.ടി.എ പ്രസിഡണ്ട്

# <u>സമർപ്പണം</u>

ലാവണ്യവും ഭാവഭാസുരതയും സമന്വയിപ്പിച്ച് "സൃഷ്ടിയിൽ മുഴുകുക, മരണത്തെ ജയിക്കാം" എന്ന് ആഹ്വാനം ചെയ്ത കവി ഒ.എൻ.വി ക്ക്



## പോരൂർ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ

**ഒറ്റ നോട്ടത്തിൽ...**



| | | |
|---|---|---|
| ജില്ല | : | മലപ്പുറം |
| താലൂക്ക് | : | നിലമ്പൂർ |
| ബ്ലോക്ക് | : | വണ്ടൂർ |
| പഞ്ചായത്ത് | : | പോരൂർ |
| വാർഡ് | : | 4 |
| വിദ്യാഭ്യാസ ജില്ല | : | വണ്ടൂർ |
| ഉപവിദ്യാഭ്യാസ ജില്ല | : | വണ്ടൂർ |
| നിയമസഭാ മണ്ഡലം | : | വണ്ടൂർ |
| ലോക്സഭാ മണ്ഡലം | : | വയനാട് |
| സ്കൂൾ സ്ഥാപിതമായ വർഷ | : | 1974 |
| ആകെ കുട്ടികൾ | : | ഹൈസ്കൂൾ - 630 |
| | | ഹയർ സെക്കണ്ടറി - 360 |
| ആകെ അധ്യാപകർ | : | 51 |
| മറ്റു ജീവനക്കാർ | : | 5 |
| പഠനസമയം | : | രാവിലെ 9.30 മുതൽ 4 വരെ |
| വിലാസം | : | ജി.എച്ച്.എസ്.എസ്. പോരൂർ |
| | | ചെറുകോട്, ചാത്തങ്ങോട്ടുപുറം.പി.ഒ. |
| | | വണ്ടൂർ (വഴി), മലപ്പുറം ജില്ല - 679328. |
| ഇ-മെയിൽ | : | ghsporur@gmail.com |
| ഫോൺ | : | 04931-246960 |

# ആമുഖം

1974 മുതൽ പോരൂർ ഗ്രാമപഞ്ചായത്തിന്റെ വിദ്യാഭ്യാസരംഗത്തെ പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് നൂതനമായ കാഴ്ചപ്പാടോടുകൂടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വണ്ടൂർ മണ്ഡലത്തിലെ സ്കൂളുകളുടെ ചരിത്രത്തിൽ ഏറ്റവും പഴക്കം ചെന്ന സ്കൂളുകളിലൊന്നാണ് പോരൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ.

ആധുനിക ഭൗതിക സാഹചര്യങ്ങളും വിദ്യാഭ്യാസരംഗത്തും പാഠ്യ പാഠ്യേതര വിഷയങ്ങളിൽ പുത്തൻ വികസന പാതകൾ കണ്ടെത്തുന്നതിനും അക്കാദമിക അക്കാദമികേതര രംഗങ്ങളിൽ പുത്തൻ ആശയാവിഷ്ക്കാരങ്ങളും ചിന്തകളും സമന്വയിപ്പിക്കുന്നതിനും ലോകോത്തര നിലവാരത്തോടുകൂടി നൂതനമായ ഭൗതിക അക്കാദമിക മികവുകൾ നേടിയെടുക്കുന്നതിനും കാലത്തിനൊത്തുയരാനുള്ള പ്രതീക്ഷകളോടൊപ്പം പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് നാട്ടുകാരുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും പൂർവ്വാധ്യാപകരുടെയും രാഷ്ട്രീയ പ്രതിനിധികളുടെയും രക്ഷിതാക്കളുടെയും സഹായ സഹകരണത്താൽ ധാരാളം അതുല്യപ്രതിഭകളെ വാർത്തെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

വളരെ സാധാരണക്കാരായ കുട്ടികൾ പഠിക്കുന്ന നമ്മുടെ സ്കൂളിൽ വളരെ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്ന ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ ഭാഗമായി സ്കൂളിന്റെ ഡോക്യുമെന്ററി നിർമ്മാണത്തിലും ക്ലബ് മാഗസിൻ പ്രസിദ്ധീകരണത്തിനും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ പ്രാഥമികമായ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.ഒരു അധ്യയന വർഷം നീണ്ടുനിൽക്കുന്ന ഐ.ടി രംഗത്തെ വിവിധ പ്രവർത്തനങ്ങൾ മുഴുവനായും വിദ്യാലയത്തിൽ സംഘടിപ്പിക്കുന്നതിന് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ വിദ്യാർത്ഥികളോടൊപ്പം കൈറ്റ്സ് അധ്യാപകരായ ജയേഷ്.പി, ഷീബാബാനു.എം എന്നിവരും വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു.



## Editorial Board

- ✔ മുഹമ്മദ് ബർഷാൻ. പി പി
- ✔ അമൽ. കെ.എ
- ✔ ഷാമിൽ. ടി
- ✔ മുഹമ്മദ് റിൻഷാദ്. ടി

## വരയും വർണ്ണനയും

- റിൻഷ. പി പി
- സ്നേഹ. പി. കെ
- ദേവിക. ടി പി
- ഷീബാബാനു. എം





# ശാസ്ത്രത്തിന്റെ നിഴലുകളിൽ മനുഷ്യൻ

ഹർഷ.
VIII-D

**ലേഖനം**

ലോകത്തിൽ മനുഷ്യവംശത്തിൻെറ ഉടലെടുപ്പ് തികച്ചും ഒരു മഹാൽ ഭുതമായിരുന്നു കായ്കനികൾ ഭക്ഷിച്ചും കാട്ടുചോലകളിലെ വെള്ളം കുടിച്ചും കാടുകളിൽ ആദിമ മനുഷ്യർ അലഞ്ഞു നടന്നു. പിന്നീട് അവർ കൂട്ടമായി താമസം ആരംഭിച്ചു. പിന്നീട് അവർ കൃഷിയിലേക്കും മറ്റും തിരിഞ്ഞു. അന്നുമുതൽ തന്നെ മനുഷ്യ മനസുകളിൽ ശാസ്ത്ര ചിന്തകൾ കളിയാടിയിരുന്നു. കല്ലു ഉരസി തീയുണ്ടാക്കിയതും ചക്രം



കണ്ടെത്തിയതുമെല്ലാം മനുഷ്യൻെറ ശാസ്ത്രബോധം തന്നെയാണ് ആ അടക്കി വെക്കാനാവാത്ത ശാസ്ത്രചിന്തകൾ ഇന്നും തുടന്നുകൊണ്ടിരിക്കുന്നു. സ്ഥലകാലങ്ങൾ തമ്മലുള്ള അകലം കുറക്കാനും. മനുഷ്യന് പറവയപ്പോലെ ആകാശത്ത് പറക്കാനും. മത്സ്യത്തെപ്പോലെ വെള്ളത്തിൽ നീന്താനും ശാസ്ത്രം ഉപകാരമായി ഇന്ന് തീർന്നിരിക്കുന്നു. അത് മൊട്ടുസൂചി മുതൽ കമ്പൂട്ടർ വരെയുള്ള എണ്ണിയാലൊടുങ്ങാത്ത പട്ടികയിൽപ്പെടുന്നു. നിരത്തിലൂടെ ഓടുന്ന വാഹനങ്ങളും. പാളത്തിലൂടെ ഓടുന്ന തീവണ്ടിയും. ആകാശത്തിലൂടെ പറക്കുന്ന വിമാനങ്ങളും മനുഷ്യ ജീവിതത്തെ കൂടുതൽ സുഗമമാക്കുന്നു.

ജീവിതത്തിൻെറ സകലമണ്ഡലങ്ങളിലും ശാസ്ത്രം വ്യക്തിമുദ്ര പതിപ്പിച്ചിരിക്കുന്നു. നമ്മുടെ ദൈനം ദിനജീവിതത്തിൽ ശാസ്ത്രം ഒഴിവാക്കാൻ പറ്റാത്ത ഒരു ശക്തമായ ഘടകമായി തീർന്നിരിക്കുന്നു. വ്യവസായ ജീവിതത്തിൽ, രോഗനിവാരണ രംഗത്ത് എന്നല്ല അനുനിമിഷം ശാസ്ത്രത്തിൻെറ സ്വാധീനം മാനവരാഷിയെ സഹായിക്കുന്നു. "ശ്വസിക്കുക" "ത്രാണനം ചെയ്യുക" എന്നീ രണ്ടു വാക്കുകൾ ചേർന്നതാണ് ശാസ്ത്രം.

ചന്ദ്രനിലും ഇനി ചൊവ്വയിലും പോകാനുള്ള മനുഷ്യൻെറ പരിശ്രമങ്ങൾക്ക് പിന്തുണ നൽകുന്നത് ശാസ്ത്രമാണ്. എന്തിനേറെ മനുഷ്യനേക്കാൾ കാര്യക്ഷമമായി പ്രവർത്തിക്കുന്ന യന്ത്രമനുഷ്യനെ വരെ ആധുനിക ശാസ്ത്രം നമുക്ക് കാഴ്ചവച്ചിട്ടുണ്ട്. ചുരുക്കത്തിൽ മനുഷ്യവംശത്തിൻെറ പുരോഗതിയിലെ ഏറ്റവും വലിയ നാഴികകല്ലായ് ശാസ്ത്രനേട്ടങ്ങൾ മാറിയിരിക്കുന്നു. ഇനിയും എന്തെല്ലാം സത്ഫലങ്ങളാണ് ഭാവിയിൽ വരാനിരിക്കുന്നതെന്ന് ആർക്കും പ്രവചിക്കാൻ സാധ്യമല്ലാ.



ശാസ്ത്രം ജനനന്മയ്ക്ക് എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട്. ശാസ്ത്രത്തിൻെറ നിഴലുകളിലൂടെ അനന്തമായി സഞ്ചരിക്കാം.

കവിത



# ഞാ-നൊ-രു-മ-നു-ഷ്യ-നെ-ക-ണ്ടു

നക്ഷത്ര. കെ

IX A

സൗന്ദര്യത്തിന്റെ സത്ത
വൈവിധ്യമാണെന്ന് അബ്രഹാം സാർ പറഞ്ഞപ്പോൾ
ഒന്നും മനസ്സിലായില്ല...
ഭാഷയില്ലാത്ത രചനകളിലൂടനീളം ഭാവനകൾ
വിസ്മയിപ്പിച്ച നിന്ന അന്തരംഗങ്ങളിൽ നിന്നാണ്
സൗഹൃദത്തിന്റെ വിത്തുകൾ വിതച്ചത്
ഹൃദയങ്ങളിൽ ഉൽസവത്തിമിർപ്പുണ്ടാക്കിയ
സൗഹാർദത്തിന്റെ നല്ല നിമിഷങ്ങൾ
വിദൂര ദൃശ്യങ്ങളായി മാറിയതെപ്പോഴാണ്?
ബാല്യത്തിന്റെ,
നിഷ്കളങ്കതയുടെ വേഷപ്പകർച്ചകൾക്ക്
പുതിയ മാനം കൽപ്പിച്ച നൽകിയവരോട്
ഒറ്റച്ചോദ്യം.
കാലത്തിനൊപ്പം നടന്നു പോകുമ്പോൾ
ആ പഴയ വളകിലുക്കത്തിന്റെ നിസ്വനങ്ങൾ,
മയിൽപ്പീലികളുടെ കഥാകഥനങ്ങൾ,
കുരുന്നുകളുടെ വിടർന്ന കരങ്ങളിൽ
തുടർന്നും കാണുമോ?

# സൗഹൃദം

**കഥ**

**റിയ. പി**
VIII B

ഒരിടത്ത് അപ്പു എന്ന മിടുക്കൻ ഉണ്ടായിരുന്നു.പഠനത്തിലും മറ്റുള്ളവരോട് സൗഹൃദം പുലർത്തുന്നതിലും വളരെ സമർത്ഥനായിരുന്നു. പ്രകൃതിയെ സ്നേഹിക്കുന്നതിലും അപ്പു ഒട്ടും പിറകിലായിരുന്നില്ല.അവൻെറ വീടിനടുത്ത് ഒരു അമ്മച്ചി പ്ലാവ് ഉണ്ടായിരുന്നു. സ്കൂൾ വിട്ടു വന്നാൽ ആ പ്ലാവിനടുത്ത് കളിക്കുക അപ്പുവിൻെറ പതിവായിരുന്നു.അങ്ങനെ ദിവസം അവൻ ആ പ്ലാവിനടുത്ത് വന്നപ്പോൾ പ്ലാവ് അവനോട് പറഞ്ഞു: എന്നോട് കൂട്ടുകൂടാൻ ഒരാളും കൂടി വന്നിരിക്കുന്നു.അപ്പു ചോദിച്ചു: ആരാണത് ? പ്ലാവ് പറഞ്ഞു: ദാ...കുയിൽ മിനു എന്നാ അതിന്റെ പേര്. അപ്പുവിന് സന്തോഷമായി. അവർ മൂന്ന് പേരും ഉത്തമ ചങ്ങാതിമാരായി മാറി.ഒരിക്കൽ മീനു കുയിലിന് മുട്ടയിടാനായപ്പോൾ പ്ലാവിൽ ഒരു കൂടുണ്ടാക്കി.മുട്ട വിരിഞ്ഞു.കുഞ്ഞി കുഴിലിനെ കാണാൻ നിത്യവും വരും.അവർക്ക് ഭക്ഷണവും അപ്പ കൊണ്ടു വന്നു.ഇങ്ങനെയിരിക്കെ ഒരു വില്ലൻ അപ്പു ഇല്ലാത്ത സമയം നോക്കി മരത്തിനടുത്തേക്ക് വന്നു. മീനുക്കുയിലും അവിടെ ഇല്ലായിരുന്നു.അമ്മച്ചി പ്ലാവും കഞ്ഞി കുയിലും മാത്രം . പൂച്ച കുഞ്ഞി കുയിലിന്റെ അടുത്ത് എത്തിയപ്പോൾ കുഞ്ഞി കുയിൽ വാവിട്ടുകരഞ്ഞു. ഇതിനിടയിൽ ചിന്നുപ്പൂച്ച കാൽ തെറ്റിൽ ഉറുമ്പിൻ കൂട്ടിൽ വീണു. കരച്ചിൽ കേട്ട് അപ്പുവും മീനുവും സ്ഥലത്തെത്തി. നടന്നതെല്ലാം അമ്മച്ചിപ്ലാവ് പറഞ്ഞു. ഉറുമ്പിന്റെ കടി പൊതിരെ കിട്ടിയ ചിന്നുപ്പൂച്ച പിന്നീട് ഒരാളെയും ഉപദ്രവിച്ചിട്ടില്ല.

# ഇരുളിൽ മറയുന്ന കാട്

ഒരിടത്ത് രണ്ട് കുട്ടികളുണ്ടായിരുന്നു മിന്നുവും റോസിയും. ഒരു ദിവസം മിന്നു റോസിയോട് പറഞ്ഞു നമുക്ക് പുഴകാണൻ പോവാം. റോസി ആദ്യമൊന്നു ഞെട്ടി ഇല്ല ഞാനില്ല എനിക്ക് കാട് കയറാൻ പേടിയാണ്.

എന്റെ മുത്തശ്ശി പറഞ്ഞിട്ടുണ്ട് ആ പുഴയിൽ പോയി വെള്ളം കുടിച്ചിട്ട് ഒരു കാര്യം ആവശ്യപ്പെട്ടാൽ വനദേവത ആ കാര്യം നടത്തിത്തരും. നിയുണ്ടോ ഇനിയു മുണ്ട് ധാരാളം കഥകൾ.

ആ പുഴയെപറ്റി ഒരു കഥ മുത്തശ്ശി പറഞ്ഞ് കേട്ടിട്ടുണ്ട്. ശരി. ഞാൻ വരാം നിനക്ക് അങ്ങോട്ടേക്കുള്ള വഴി അറിയോ....അറിയാം. മുത്തശ്ശിയുടെ മുറിയിൽ ഭദ്രമായി സൂക്ഷിച്ച് വച്ച ഒരു മാപ്പുണ്ട്. നമുക്ക് മാപ്പ് നോക്കി പുഴക്കരയിലെത്താം. ഹായ്.....നല്ല രസമായിരിക്കും നമ്മൾ തനിച്ച് കാട് കയറി പുഴകാണാൻ പോയാൽ പക്ഷേ എപ്പൊയാനമ്മള്ള വിടെ എത്തുക. ഒ,.. അതെളുപ്പവാ, സന്ധ്യക്ക് മുമ്പ് വീട്ടൽ തിരിച്ചെത്താം

ശരി, നീ പോയി മാപ്പെട്ട് വാ ഞാൻ ആഹാരം കൊണ്ടുവരാം.

...അങ്ങനെ അവർ കാട് കയറിയാത്ര തുടങ്ങി.കാടിനുള്ളിൽ നല്ല നിശബ്ദതയാണ്. അവർക്ക് അവർ നടക്കുമ്പോഴുള്ള ചവിട്ടു ശബ്ദം കേൾക്കാമായിരുന്നു.കൂടാതെ കുരങ്ങന്മാരുടെയും,പക്ഷികളുടെയും ഒച്ചപ്പെടുത്തൽ ,റോസിക്ക് നേരിയ ഭയം തോന്നി.ഇത് മനസ്സിലാക്കിയ മീനു അവളുടെ മൂപ്പിച്ചൽ മാറ്റാൻ മുത്തശ്ശി പറഞ്ഞ കഥ പറഞ്ഞു തുടങ്ങി.

ഒരിടത്ത് ഒരു പാൽക്കാരനുണ്ടായിരുന്നു.അയാൾ എന്നും വെളുപ്പിന്

പാൽവിൽക്കാൻ ഇറങ്ങും. ഒരു ദിവസം അയാളുടെ ഭാര്യ അയാളോട് പറഞ്ഞു;എനിക്ക് തീരെ സുഖമില്ല നിങ്ങൾ വൈദ്യരെ ഒന്നു കൊണ്ടു വരണം.

ശരി ഞാൻ വൈദ്യരുടെ വീട് വരെ ഒന്നു പോയിനോക്കട്ടെ,നീ കിടന്നോ, അയാൾ വൈദ്യരുടെ വീട് ലക്ഷ്യം വെച്ച് നടന്നു.അങ്ങനെ അയാൾ വൈദ്യരുടെ വീട്ടിലെത്തി.വൈദ്യരോട് തന്റെ ഭാര്യയുടെ അസുഖാവസ്ഥ അറിയിച്ചു. ഉടൻ വൈദ്യർ പാൽക്കാരന്റെ വീട്ടിലേക്ക് നടന്നു.അവിടെ അവൾ നടക്കാൻ വയ്യാതെ ബുദ്ധിമുട്ടുകയാണ്.വൈദ്യർ ചില മരുന്നുകൾ പറഞ്ഞു.പക്ഷെ ഒന്നും ഫലിച്ചില്ല.കാര്യം കുറേ ഗൗരവമാണെന്ന് മനസ്സലായപ്പോൾ വൈദ്യരുടെ സുഹൃ്ത്തായ രാമനുണ്ണിയെ വിവരമറിയിച്ചു.അയാളും ഒരു വൈദ്യനാണ്.മരണമല്ലാത്ത ഏതൊരു അസുഖവും മാറ്റി ത്തരും. രാമനുണ്ണി വന്ന് പാൽക്കാരന്റെ ഭാര്യയോട് ചോദിച്ചു.എത്ര നാളായി അസുഖം തുടങ്ങിയിട്ട്?അവൾ സംസാരിക്കാൻ തുടങ്ങി.,പക്ഷെ അവൾക്ക് കഴിയുന്നില്ല.,നിശ്ചലാവസ്ഥയിൽ കിടന്ന് ഒന്ന് പൊട്ടിക്കരയാൻ കൂടിക്കരയാതെ വിഷമിച്ചിരിക്കുകയാണവൾ. വൈദ്യരോട് രാമനുണ്ണി പറഞ്ഞു. സംസാരശേഷി നഷ്ടപ്പെടുകയാണ്. വൈകാതെകാള്ച്ചശക്തിയും കോശവിശക്തിയും നഷ്ട്ടപ്പെടും

തനിക്കെന്താപണി, ഞാൻ പാൽ വിറ്റിട്ടാണെന്റെ കുടുബം കഴിയുന്നത്.

ഓഹോ, തന്റെ പേരെന്താ.വാസുദേവൻ അവളുടെയോ? വസുമതി.

ഹും ,വാസൂ,ആയുർവേദത്തിൽ ഇതിന് മരുന്നായി പുലിപ്പാലാണ്. അത് കൊണ്ട് നിങ്ങൾ കാട്ടിൽ പോയി പുലിപ്പാൽ കൊണ്ട് വരണം.

പുലിപ്പാലോ,

അതെ, വേറെ വഴിയില്ല,

വാസു മനസ്സില്ലാമനസ്സോടെ പുലിവാലിനായി കാട്ടിലേക്ക് പോയി.ചെന്നെത്തിയത് പുഴവക്കിലാണ്.ദാഹം കൊണ്ടും ക്ഷീണം കൊണ്ടും അയാൾ ഇത്തിരി വെള്ളം കുടിച്ചു.പെട്ടെന്ന് ജല ദേവത പ്രത്യക്ഷപ്പെട്ടു.അയാളോട് ചോദിച്ചു.തനിക്കെന്താ വേണ്ടത്.വാസു തന്റെ കഥ വിവരിച്ചു.വാസു ദേവന്റെ കഥ കേട്ട് അലിവ് തോന്നിയ വനദേവത കാട്ടിലേക്ക് ഊതി.അപ്പോൾ വനദേവത വന്നു.വാസുവിന്റെ നിസ്സഹായാവസ്ഥ മനസ്സിലാക്കി.വനദേവത കണ്ണടച്ചു ചില മന്ത്രങ്ങൾ ഉരുവിട്ടു.ഉടൻ മുന്നിലൊരു പുലി.വാസു പേടിച്ചു വിറച്ചു. പേടിക്കണ്ട ഇത് നിങ്ങളെ ഒന്നും ചെയ്യില്ല.വനദേവത പുലിയിൽ നിന്നും പാലെടുത്തിട്ട് വാസുവിന് നൽകി.മാത്രമല്ല കുട്ടികളില്ലാത്ത അവർക്ക് ഒരു പളുങ്ക് മാലയും നൽകി.ഈ മാല ധരിച്ചാൽ എല്ലാം ശരിയാവും. വാസു സന്തോഷത്തോടെ അവരോട് നന്ദി പറഞ്ഞിറങ്ങി.പിന്നീട് വസുമതിയുടെ അസുഖവും മാറി. കാലങ്ങൾക്ക് ശേഷം അവർ കാത്തിരുന്ന സുന്ദരി കൂടി ഉണ്ടായി.പിന്നീടുള്ള കാലം അവർ സുഖമായി ജീവിച്ചു.

എങ്ങനെയുണ്ട് റോസി പുഴയുടെ കഥ. ഹൊ ഇത്രയും അതിശയകരമാണ് ഞാൻ കരുതിയില്ലാ. മിന്നു പുഴയിവിടെ . ഇനികുറച്ച് ദൂരമെയുള്ളു.



അവർ നടന്ന് കൊണ്ടിരിക്കുന്നു അവസാനം പുഴയോരത്തെത്തി. പുഴകണ്ടതും രണ്ടുപേരും സന്തോഷിച്ചു. എന്നാൽ അവർ ആശയക്കുഴപ്പത്തിലായി. ദേവതമാരോട് എന്ത് ചോദിക്കും. അങ്ങനെ ആലോചിച്ചിരിക്കുമ്പോഴാണ് റോസിപുഴയിലേക്ക് തെന്നിവീണു ഉടൽ മീനു വെള്ളം കുടിച്ചു പക്ഷെ മീനുവന്നില്ല. വീണ്ടും കുടിച്ചു. വന്നില്ല. അവൾ കരഞ്ഞു പ്രാർത്ഥിച്ചു. ഫലമുണ്ടായില്ല. മീനുവിന് പേടിയായി റോസി ഒഴുകിക്കൊണ്ടിരിക്കുകയാണ്. പെട്ടന്നൊരു ശബ്ദം കേട്ടത്.

മിന്നൂ.. എണീക്ക് സ്കൂളിൽ പോവാറായി. എന്തൊരു ഉറക്കമാ നീ എന്തൊക്കെയാ ഉറക്കത്തിൽ പറഞ്ഞത്. കാട്,പുലി, ദേവത നീ വല്ല സ്വപ്നവും കണ്ടോ? വേഗം പോവാൻ ഒരുങ്ങ് ചായയെടുക്കാം. എന്ത് ഇതൊക്കെ സ്വപ്നമായിരുന്നോ! ഭാഗ്യം സ്വപ്നത്തിലായതുക്കൊണ്ട് റോസി രക്ഷപ്പെട്ടു.

കവിത

# വിധി നിർണ്ണയം

അഷിത. വി
XE

കാലത്തിൻ ചിറകടിയൊച്ച
കേട്ടാണ് ഞെട്ടിയുണർന്നത്
ഉമ്മറത്തിണ്ണയിൽ സാകൂതം
ഒരൊറ്റ മൈന...
കാലത്തിൻ കാലക്കേടിനെ ശപിച്ചുകൊണ്ട്
അയാൾ പുറപ്പെട്ടു.
വിടരാൻ കൊതിച്ച
പൂക്കളെ പ്രണയിച്ചവന്
പ്രണയ വിവശതകളിലനുസ്യൂതം
വിരചിച്ചവന്
കാലക്കേടിന്റെയാർത്തനാദങ്ങൾ-
ക്കൊപ്പമലഞ്ഞവന്
കാലമിത്രയേറെക്കടന്നു ചെന്നിട്ടും
ഭാഗ്യ നഷ്ടങ്ങളെയോർത്ത്
നഷ്ടങ്ങളുടെ കണക്കു പുസ്തകത്തിൽ
വിധി നിർണയിക്കാനാണു വിധി.



കവിത

റിസ്‌വ. കെ

IX B




പച്ചപ്പരവതാനി വിരിച്ച

പൊൻ നാടാണെന്റെ കേരളം

മലയും കാടും പുഴയും താണ്ടി

പറവകൾ നൃത്തമാടി

കളകളമൊഴുകുന്ന പൊൻ നദികളും

പച്ച പുതച്ച പൊൻ വയലുകളും

മരങ്ങൾ തിങ്ങി നിൽക്കുന്ന കാടുകളും

ചാർത്തുന്നു നമ്മളിൽ സ്നേഹഗാനം

നവകേരളത്തിന്റെ ഭാവഗീതം



# വാത്സല്യം

**കവിത**

**സരസ്വതി. എസ്.**
IX A



അമ്മയാണെനിക്കെല്ലാം
ജീവിതത്തിൻ
സഹസ്രാംശവും
അമ്മയാണെനിക്കല്ലോ
ജീവിതത്തിൻ സങ്കടങ്ങൾ
പേറിടുമ്പോൾ
എന്നെത്തനിച്ചാക്കിയെങ്ങും
പോയിടല്ലേ.

അമ്മയാമെനിക്കെല്ലാം
ചെറുതേൻ പോൽ മാധുര്യം
ഉുകിയെന്റമ്മ വാത്സല്യം
പൊരിയുന്ന വെയിലിൽ എരിഞ്ഞടങ്ങിയിട്ടും
വിശപ്പകന്നാൽ തുടിക്കുമാ ഹൃദയം
എനിക്കു വേണ്ടിയെന്നെന്നും
കോടമഞ്ഞിലും കൊടുങ്കാറ്റിലും
കാത്തു രക്ഷിക്കുന്ന അമ്മതൻ കാരുണ്യത്തെ
അനാഥാലയത്തിൽ തളച്ചിടല്ലേ
അമ്മതൻ വാത്സല്യത്തെ മറന്നിടല്ലേ.

# കൂട്ടിലടക്കപ്പെട്ട കിളികൾ

കഥ അനഘ. ടി
VIII D

ഇന്ന് ഒരു അത്ഭുത ദിവസമാണ്. ഇന്ന് രാവിലെ എഴുന്നേറ്റത് സ്വമനസ്സാലെയൊന്നുമല്ല കേട്ടോ. അവളുടെ വളർത്തു പക്ഷികളുടെ കരച്ചിൽ കേട്ടാണ് ഞെട്ടിയുണർന്നത്. അകത്തു നിന്ന് അമ്മയുടെ സ്വരം. എടീ. നീയെന്താ ഇങ്ങനെ? എന്നും അതി രാവിലെ എഴുന്നേൽക്കണേ? ഇതും പറഞ്ഞ് അമ്മ അടുക്കളയിലേക്ക് പോയി. മീനു പുറത്തേക്കിറങ്ങിയപ്പോഴേക്കും അതാ ഗെയ്റ്റും തുറന്ന് ഒരാൾ കടന്നു വരുന്നു. ഒരു ചെക്കൻ. ചെക്കനെന്നു വച്ചാൽ അവളേക്കാൾ ഒരു വയസ്സ് കുറയും. നന്ദു എന്നാ അവന്റെ പേര്. മീനുവിന്റെ അമ്മ ഈ കാരണം കോണ്ടു തന്നെ അവൻ ഒന്നരാടം എന്ന് പറന്നതുപോലെ മീനൂൻെറ വീട്ടിലുണ്ടാവും. മീനുവിനാണെങ്കിൽ ഇവനെയത്ര ഇഷ്ടവുമില്ല.ആള് വന്നയുടൻ സിറ്റ് ഔട്ടിൽ കയറിയിരിപ്പായി.അപ്പോഴാ



അവനാ പക്ഷികളെ ശ്രദ്ധിച്ചത്. ഹായ് ഇവറ്റയെ എന്നാ വാങ്ങിയത്? നന്ദു ആകാംക്ഷയോടെ ചോദിച്ചു. ഇന്നലേ എൻെറ അച്ഛൻ ജോലികഴിഞ്ഞ് പോരുമ്പോ വഴിയരികത്ത് ഒരു ബംഗാളി വിൽക്കുന്നുണ്ടായിരുന്നത്രെ ഇവറ്റയെ പിന്നെ അച്ഛന് ചുളുവിന് വാങ്ങിയപ്പോൾ അച്ഛനതങ്ങു വാങ്ങി. മീനു പറഞ്ഞു. നീ ഇവറ്റയ്ക്ക് ഒന്നും തിന്നാനൊന്നും കൊടുത്തില്ലേ ? നന്ദു ചോദിച്ചു. പിന്നില്ലാതെ

കൊടുക്കുകയൊക്കെ ചെയ്തു പക്ഷെ അവറ്റയ്ക്ക് അതൊന്നു.വേണ്ടന്നെ മീനു പറഞ്ഞു.വെറുതെയല്ല ഇവറ്റയിങ്ങനെ കടന്ന് അലറിവിളിക്കുന്നത്.നന്ദു പറഞ്ഞു.അതൊന്നുമല്ല, അവറ്റയിങ്ങനെത്തന്നെയാ. അല്ല നന്ദു നീ ഏത് പക്ഷികളെയാകൂട്ടിലൊന്ന് മിണ്ടാതെ അടങ്ങിയൊതിങ്ങി നമ്മളെയെല്ലാ.പോലെ നിൽക്കുന്നത് കണ്ടിട്ടുള്ളത്.അതേ അവരുടെ സ്വഭാവം.നന്ദു അവളുടെ വർത്തമാനത്തെ എതിർത്തു. അല്ല മീനുവെ നീ ഇങ്ങനെ സ്വതന്ത്രമായി നടക്കുന്ന നമ്മളെയും സ്വാതന്ത്ര്യം നഷ്ടപ്പെട്ട് കൂട്ടിലകപ്പെട്ട ഈ പക്ഷികളെയും ഒരുപോലെയാണോ താരതമ്യം ചെയ്യുന്നത്. ഈ കിളികളുടെ വിഷമം നമ്മള് ചിന്തിക്കാറില്ല.ശരിക്കും ഈ പക്ഷികളെ കൂട്ടിലിടുന്നത് പാപമാണ്.പിറന്നന്തിനാ നീ ഈ മഹാപാപം ചെയ്യുന്നേ.അവറ്റയെ നിനക്കങ്ങു തുറന്നുവിട്ടൂടെ.അയോ അപ്പൊ എൻെറ അമ്മയും അച്ഛനും എന്നെ വഴക്കുപറയില്ലെ.മീനു ചോദിച്ചു. ഞാനൊരു ഐഡിയ പറഞ്ഞുതരാം നീ അവറ്റയെ അങ്ങ് തുറന്നുവിട്.എന്നിട്ട് അച്ഛനോടും അമ്മയോടും പറ ഞാൻ അവയിലൊന്നിനെപ്പിടിക്കാൻ കൂടുതുറന്നപ്പോഴേക്കും അതങ്ങു കുതറി പാറി.ഞാൻ ഭയന്ന് പിറകിലേക്ക് മാറിയപ്പോഴേക്കും അവറ്റയൊക്കെ പാറിപ്പോയി.എങ്ങനെയുണ്ട് എൻെറ ബുദ്ധി? കലക്കി. അനു പറഞ്ഞു.എങ്കിൽ നമുക്ക് ഇപ്പൊതന്നെ അങ്ങ് തുറന്നു വിടാം. നീ വാ.കൂടിൻെറ കൊളുത്തഴിച്ച് വാതിൽ തുറന്നപ്പോഴേക്കും കൂട്ടിലൊരെണ്ണം പോലും ഇല്ലാതെ എല്ലാം പാറി.അവരുടെ ലോകത്തേക്കായ്. മീനുവിന് അവരുടെ ജീവനും കൊണ്ടുള്ള ഓട്ടം കണ്ടപ്പോൾ അവളുടെ മനസ്സിൽ വല്ലാത്ത സങ്കടവും കുറ്റബോധവും തോന്നി അവളുടെ കൺമുന്നിൽ നിന്നും മാഞ്ഞകലുന്നത് വരെ അവൾ ആ പക്ഷികളെ നോക്കി നിന്നു.

കഥ

# മിന്നുവിൻെറ പിറന്നാൾ സദ്യ

ഫാത്തിമ നൗഷബ. സി
X-E

ഒരു കൊച്ച ഗ്രമത്തിൽ ഒരു കൊച്ച വീട്ടിലാണ് സാവിത്രിയും അവരുടെ രണ്ട് പെൺ മക്കളായ ചിന്നുവും മിന്നുവും താമസികുന്നത്.ഇവരുടെ അച്ഛൻ മരിച്ചിട്ട് രണ്ടു വർഷമായിരുന്നു .അവരുടെ ആമൂന്നു വയറുകൾ കഴിഞ്ഞ് പോവുന്നത് ആ അമ്മയുടെ അധ്വാനം കൊണ്ടാണ്.മിന്നു ആറാം ക്ലാസ് വിദ്യാർത്ഥിയും ചിന്നു അംഗൽവാടിയിലുമാണ്.

ഒരു ദിവസം മിന്നു ചിത്രം വരച്ച് നിൽക്കുമ്പോൾ അവൾ പെട്ടന്ന് ഒരു ഓർമ്മവന്നു. നാളെ ചിന്നുവിൻെറ പിറന്നാളാണല്ലോ. അതിന് അവൾക്ക് ഒരു കൊച്ച സമ്മാനം നൽകാം എന്ന് അവൾ ചിന്തിച്ചു മിന്നു നല്ല ഭംഗിയുള്ള ചിത്രങ്ങൾ വരച്ച് കടയിലൂടെ കൊണ്ട് പോയി വിൽക്കാറുണ്ട്. അപ്പൊൽ തന്നെ ഒന്നും ഓർക്കാതെ അങ്ങാടിയിലേക്കു പോയി അവൾ വരച്ച ചിത്രങ്ങൾ വിറ്റു. അങ്ങിനെ തുച്ഛമായ കാശു കിട്ടി. അവൾ നടന്നു നോക്കിയപ്പോൾ ഒരു ഭംഗിയുള്ള ഒരുപാവയെ കണ്ടു. അവൾ വിചാരിച്ചു പാവ എല്ലം കാലത്തും നില നിൽക്കില്ലല്ലോ അതിന് പകരം വേറെ വല്ലതും വാങ്ങാം അവൾ അതും കരുതി നടക്കാൻ തുടങ്ങി.കുറച്ചു നടന്നപ്പോൾ ഒറു കടയിൽ നല്ല ഭംഗിയുള്ള ഒരു പുള്ളിയുടുപ്പ് കണ്ടു.ഇത് ചിന്നുവിന് നല്ല ചേർച്ച ഉണ്ടാകും.ഇത് വാങ്ങാം എന്ന് കരുതി അവൾ ആ പുള്ളി ഉടുപ്പ് കണ്ടു.അവൾ അത്

വാങ്ങിയ ശേഷം കുറച്ച് കാശും കൂടി ബാക്കിയുണ്ട്.അവൾ കരുതി എനിക്ക് നാളെ ഇടാൻ നല്ല പുത്തൻ ഡ്രസ്സുകൾ ഉണ്ട് എന്നാൽ അമ്മയ്ക്ക് ഇടാൻ ആകെ ഒരു സാരി മാത്രം.എങ്ങോട്ട് പോകുമ്പോഴും ആ സാരി മാത്രമേ അമ്മയ്ക്ക് ഉണ്ടാകൂ എന്നും പറഞ്ഞ് അവൾ ആ കടയിലേക്ക് തന്നെ കയറി അമ്മയ്ക്ക് ഒരു സാരി നോക്കി. അമ്മയ്ക്ക് പറ്റിയ സാരി സെലക്ട് ചെയ്ത് എടുത്ത ശേഷം അവൾ കടയിൽ നിന്നും ഇറങ്ങി കുറച്ച് പച്ചക്കറികളും പൊട്ടും വളകളും മാലകളും വാങ്ങി അവൾ നടന്നു. വീട്ടിലെത്തിയ അവൾ ചിന്നു കരഞ്ഞു കൊണ്ടിരിക്കുന്നതും കണ്ട് വിശമിച്ചു.അവൾ ചിന്നുവിനുള്ള സമ്മാനം മാറ്റിവെച്ച് അമ്മയുടെ അടുത്തേക്ക് ചെന്നു.അവളുടെ അമ്മ വിറക് കീറികഴിഞ്ഞ് ആകെ തളർന്നിരിക്കുകയായിരുന്നു. ആദ്യം അവൾ പച്ചക്കറികൾ അമ്മയ്ക്ക് കൊടുത്തു.ശേഷം അമ്മയുടെ സാരിയും അമ്മയുടെ മുഖത്ത് സന്തോഷത്തിന്റെ കണ്ണീർ വീഴുന്നുണ്ടായിരുന്നു.അമ്മ ചോദിച്ചു.

" എന്തിനാ മോളേ എനിക്ക് ഇതൊക്കെ ഇതിനു പകരം അമ്മേടെ കുഞ്ഞിന് എടുത്തുകൂടായിരുന്നോ? അവൾ പറഞ്ഞു. ഇത്രേം കാലം ഞങ്ങൾക്ക് ഒരു അച്ഛൻ ഇല്ലാത്ത കുറവും കാണിക്കാതെ അമ്മ ഞങ്ങളെ വളർത്തി വലുകാക്കി അതിനു പകരമാണ് എന്ന് വെച്ചോളൂ. പിറ്റേ ദിവസം നേരം പുലർന്നു. മിന്നു ചിന്നുവിനെ കുളിപ്പിച്ച് പുത്തൻ ഉടുപ്പ് ദരിപ്പിച്ചു.ചിന്നു സന്തോഷം കൊണ്ട് തുള്ളി ചാടുന്നു.അമ്മ സദ്യ ഒരുക്കി.സദ്യ കഴിക്കാൻ സമയത്ത് മിന്നുവിന്റെ ഫ്രണ്ട്സുകൾ വന്ന് ചിന്നുവിന് ബർത്ത്ഡെ കേക്ക് കൊടുത്തു അവർ സന്തോഷത്തോടെ പിറന്നാൾ സദ്യ കഴിച്ചു.

# ഐക്യം അതിജീവനത്തിലും

**ലേഖനം**

നന്ദന.സി

8-D

കേരളക്കരയെ ആകെ ഭീതിയുടെ മുൾമുനയിൽ നിർത്തിയ ഭീമാകാരൻ. കേരള ജനതയുടെ നെഞ്ചിൽ നടുക്കം സൃഷ്ടിച്ച വീരൻ, ഓരോ കുടുംബത്തിൻെറയും അടിത്തറ ഇളക്കി മറിച്ച പാപി, ആയിരകണക്കിന് കേരള ജനതയുടെ ജീവനെടുത്ത കൊടും ക്രൂരൻ, കുറ്റവാളി, “പ്രളയം"എന്ന മഹാ ദ്രോഹി പെട്ടെന്ന് ഒരു സുപ്രഭാതത്തിൽ സ്നേഹത്തിൻെയും സന്തോഷത്തിൻെറയും ആഘോഷത്തിൻെറയും നടുക്കടലിൽ പച്ചവിരിച്ചു നിന്ന കേരളത്തിൻെറ ഗതി തന്നെ ഇവൻ മാറ്റിമറിച്ചു. സങ്കങ്ങൾ സഹിക്കവൈയ്യാതെ ആയിരങ്ങൾ.ജലത്തിൻെറ ആർപ്പുവിളി. ജീവിക്കാൻ സമ്മതിക്കില്ല ഞാൻ എന്ന താളത്തിലുള്ള ഒഴുകും നിരപ്പും.ഭക്ഷണം പോലുമില്ലാത്ത അവസ്ഥ.ദിവസങ്ങളോളം പട്ടിണികിടന്ന *ജനങ്ങൾ. കൂടപ്പിറപ്പുകളെയും* ബന്ധുക്കളെയും സഹോദരൻമാരെയും നഷ്ടം സഹിക്കാതെ കണ്ണുനീരോടെ ആയിരങ്ങൾ.മാറിയെടുക്കാൻ ഒരു വസ്ത്രം പോലുമില്ലാതെ പല ധനികരും പാവപ്പെട്ടവരും ഒരേ അവസ്ഥയിൽ. തൻെറ വീടു പോലെ സ്വപ്നമായി മാറുന്ന നിമിഷങ്ങൾ അതുവരെ തൻെറ വീട്ടിൽ കുടിക്കാൻ ഒരു തുള്ളി വെള്ളം പോലുമില്ലാതെ വെള്ളത്തെ




ആദ്യമായി ശപിക്കുന്ന  നിസ്സഹായ നിമിഷം. വിലപിടിപ്പുള്ള പല പ്രമാണങ്ങളും കൺമുൻപിൽ വെള്ളത്തിൽ ഒഴുകി പോകുന്നത് നോക്കിനിൽക്കേണ്ടി വരുന്ന അവസ്ഥ. ഈ അഴസ്ഥയെ അതിജീവിക്കുന്നതിന് കരുത്തു പകരാൻ തൻെറ കൂട്ടുകാരെ രക്ഷിക്കാൻ ജയ്സലിനെ പോലെ ആയിരങ്ങൾ കൂട്ടായ്മയുടെ മനസ്സുമായി രംഗത്ത്. വസ്ത്രങ്ങൾ, ഭക്ഷണങ്ങൾ, താമസിക്കാനിടം, സ്നേഹം, സന്തോഷം എന്നിങ്ങനെ അവർക്കുവേണ്ടതെല്ലാം ഇവർ ഒരുക്കി. കേരളത്തെ പഴയ സ്ഥിതിയിലേക്ക് കൊണ്ടുവരാൻ സഹായഹസ്തവുമായി സിനിമാതാരങ്ങൾ മുതൽ മാധ്യമ കൂട്ടായ്മ വരെ.അതേ 'ഐക്യം' എന്ന വാക്കിൻെറ അർത്ഥം മനസ്സിലാക്കിയ നാളുകളായിരുന്നു അത്.കേരളക്കാർ തമ്മിൽ ഐക്യമില്ലായെന്ന് പറഞ്ഞവർക്ക് ഒരു വലിയ തിരിച്ചടി.കേരളം അതിജീവിച്ചതിനുള്ള കാരണം ഇതൊന്നുമാത്രമാണ് .ഐക്യം, കൂട്ടായ്മ. 'ഐക്യ അതിജീവനത്തിലും' എന്ന തലക്കെട്ടുകൊണ്ട് ഞാൻ ഉദ്ദേശിച്ചതും അതുതന്നെ .പട്ടീൻെറ വാല് പന്തീരാണ്ട് കൊല്ലം കോഴലിലിട്ടാലുംഅത് വളഞ്ഞേ നിൽക്കൂ എന്ന് പറയുന്നത് പോലെ മലയാളികൾ ഒരിക്കലും നന്നാവില്ല.എന്നു പറഞ്ഞവർ അത്ഭുതത്തിൻെറ ലോകങ്ങളിലായിരുന്നു ഈ പ്രളയനാളുകളിൽ.കേരളം പഴയതുപോലെ തന്നെ മാറ്റുന്നതിന് ഇപ്പോഴും നമ്മൾ പരിശ്രമിക്കുന്നു.ഈ പരിശ്രമത്തിൻെറ ഫലമായി കേരളം പകുതിയെങ്കിലും പഴയതു പോലെയായി. കേരള ജനതയെ ലോകമാകെ വാഴ്ത്തി. പണമായി കൊടുക്കാൻ ഇല്ലാത്തവർ ഭക്ഷണമായും വസ്ത്രമായും ആവശ്യമുള്ള സാധനങ്ങളായും എല്ലാം കൊടുത്തു. ഗവൺമെൻറും സർക്കാരും കേരളത്തിൻെറ പുനർനിർമ്മിതിക്കായി പ്രവർത്തിക്കുന്നുണ്ട്. ഇനിയും കേരളവും കേരള ജനതയും പൂർണരൂപത്തിലേക്ക് വരണം. അതിനു വേണ്ടി ഇനിയും മലയാളി ഐക്യത്തോടെ പ്രവർത്തിക്കണം.




അർച്ചന. എം
XE

ഇന്ത്യയുടെ ജനാധിപത്യം മുഖ്യമന്ത്രിമാരായി തിരഞ്ഞെടുത്ത വനിതകളാണ് ഇവർ

1 സുചേത കൃപലാനി.--------ഉത്തർപ്രദേശ്
2 നന്ദിനി സത്പതി ---------- ഒറീസ
3 ശശികല കാക്കോദർ-------ഗോവ
4 അൻവാര തൈമർ------------അസ്സാം
5 ജാനകി രാമചന്ദ്രൻ--------തമിഴ് നാട്
6 ജയലളിത ------------------- തമിഴ് നാട്
7 മായാവതി----------------------ഉത്തർപ്രദേശ്
8 രജീന്ദർ കൗർ -------------പഞ്ചാബ്
9 റാബ്രി ദേവി ------------------ ബിഹാർ
10 സുഷമ സ്വരാജ് -----------ഡൽഹി
11 ഷീലാ ദീഷിദ് ----------------ഡൽഹി
12 ഉമ ഭാരതി ------------------ മദ്ധ്യപ്രദേശ്
13 വസുന്ധര രാജ-------------രാജസ്ഥാൻ
14 മമതാ ബാനർജി-------------ബംഗാൾ
15 ആനന്ദി ബെൻ-------------ഗുജറാത്ത്
16 മെഹബൂബാ മുഫ്തി-------കശ്മീർ



# സൗഹൃദം

സൽവ.കെ
lX-B



മനസിന്റെ താളുകൾക്കിടയിൽ ഏറെയും അധ്യായങ്ങൾ

സൗഹൃദത്തിൻെറതായിരുന്നു.

അതിൽ സുഹൃത്തുക്കൾ പരസ്പരം

അനുഭവിച്ച ഓരോന്നിനും

സന്തോഷത്തിൻെറയും ദുഃഖത്തിൻെറയും

പലനിറങ്ങളായിരുന്നു.

'സൗഹൃദം' ഞങ്ങൾ ഹൃദയങ്ങൾക്കുള്ളിലെ

തെറ്റിയും തിരുത്തിയുമുള്ള അനുഭവങ്ങളുടെ

കണക്കു പുസ്തകമായിരുന്നു....

പ്രതീക്ഷകൾ ചേർത്തു പിടിച്ച്

എത്രയോ വഴികൾ നടന്നു തീർത്തു.

വേർപാടിൻെറ കണികളിൽ തട്ടി അവ മഴവില്ലു തീർത്തപ്പോൾ

അതിലേഴു നിറത്തിനും ഞങ്ങളുടെ മുഖമായിരുന്നു.

# വേട്ടക്കൊരുമകൻ ക്ഷേത്രവും നിലമ്പൂർ പാട്ടുത്സവവും

ലേഖനം

സോന.ടി
XD



നിലമ്പൂർ ടൂറിസം ഫെസ്റ്റിവൽ

നിലമ്പൂർ കോവിലകത്തെ കുടുംബക്ഷേത്രമായ വേട്ടക്കൊരുമകൻ കാവിലെ ഉത്സവമാണ് നിലമ്പൂർ പാട്ട് നൂറ്റാണ്ടുകളായി കിഴക്കൻ ഏറനാട്ടിലെ ദേശീയോത്സവമായി എല്ലാവർഷവും ധനുമാസത്തിലാണ് ഇത് നടക്കാറുള്ളത്. നിലമ്പൂർ കാട്ടിലെ ആദിവാസികളുടെ കുലദൈവമായ വേട്ടയ്ക്കൊരുമകനെ നമ്പോല കോട്ടയിൽ നിന്നും നിലമ്പൂരിൽ എത്തിച്ചത് പകരം ആദിമ ഗോത്രങ്ങൾക്ക് നൽകിയ വാക്കുപാലിക്കൽ കർമ്മമായാണ് പാട്ടും തുടങ്ങിയത്. നിലമ്പൂർ പാട്ടുത്സവത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട് വർഷത്തിൽ തന്നെ കാണാനെത്തുന്ന ആദിവാസികൾക്ക് അന്നം കൊടുക്കണമെന്ന്



വേട്ടക്കൊരുമകൻ നിഷ്കർഷിച്ചിരുന്നു.അന്നദാനത്തിൽ ആദിവാസികൾ കുടുംബസമേതം വേട്ടക്കാരന്റെ പ്രസാദമായ ചോറിന് ക്ഷേത്രത്തിലെത്തുന്നു. നിലമ്പൂർ കാട്ടിലെ ആദിവാസികൾ എല്ലാം നാട്ടിലെത്തുന്ന അപൂർവ്വ അവസരം കൂടിയാണിത് ക്ഷേത്രം ഊട്ടുപുരയിൽ കാലത്ത് 11 മണിമുതൽ ആരംഭിക്കുന്ന സദ്യയിലെ പ്രസാദ ഊട്ടിൽ ആയിരങ്ങളാണ് ഓരോ വർഷവും പങ്കെടുക്കുന്നത്. രോഗശമനത്തിന് ഈ ചോറ് കഴിച്ചാൽ മതി എന്ന വിശ്വാസത്തിൽ ഒരു ദിവ്യൗഷധമായി ആദിവാസികൾ ഇത്

ഉണക്കി സൂക്ഷിക്കാറുണ്ട് എന്ന് പറയപ്പെടുന്നു. വാദ്യമേളങ്ങളുടെ അകമ്പടിയോടെ നെറ്റിപ്പട്ടം കെട്ടിയ ഗജവീരൻമാരുടെ ക്ഷേത്രത്തിലേക്കുള്ള എഴുന്നള്ളിപ്പ് കാണേണ്ട ഒരു കാഴ്ചയാണ്. വലിയ കളം പാട്ടിന് ശേഷം ഏഴ് ദിവസം നീണ്ടു നിൽക്കുന്ന കാർണിവലും വർണപ്പകിട്ടും നിലമ്പൂർ പാട്ടിന് പ്രൗഢി കൂട്ടുന്നു എന്നതിൽ സംശയമില്ല.





around us
entertainment

And Informative




നഷ്മ ഇസ്മയിൽ

XD

ഞങ്ങളുടെ സ്കൂളിൽ ഇംഗ്ലീഷ് ക്ലബ് ന്റെയും സോഷ്യൽ സയൻസ് ക്ലബ്ബ് ന്റെയും അഭിമുഖ്യത്തിൽ രാജ്യാന്തര ചലച്ചിത്ര മേള നടന്നു. മേളയിൽ മലയാള സിനിമക്ക് പുറമേ അന്തർദേശീയ അംഗീകാരം നേടിയ വിദേശ സിനിമകൾ, അനിമേഷൻ സിനിമകൾ, ഷോർട്ട് ഫിലിം, Music Album എന്നിവയും പ്രദർശിപ്പിച്ചു. കുട്ടികളുടെ നേതൃത്വത്തിൽ ഉള്ള ഫിലിം ക്ലബ്ബ് ആണ് മേള സങ്കടിപ്പിച്ചത്. അധ്യാപകരായ ഷിനോദ്.കെ, സജീവ്. കെ, രാഗേഷ് പി പി , ജയേഷ്. പി , സുരേഷ് കുമാർ. കെ, ഒ.ജെ എബ്രഹാം, വിവേക് എന്നിവർ നേതൃത്വം നൽകി.

മേളയിൽ തിരക്കഥാ കൃത്തുകളായ ഗോപു എസ് പിള്ള, എം. അജയകുമാർ, സിനി ആർട്ടിസ്റ്റ് ജിജീഷ്, പ്രജീഷ്, ഹെഡ് മാസ്റ്റർ സതീശൻ കെ.വി.എം, പി.ടി.എ പ്രസിഡന്റ് സുലൈമാൻ. വി പി എന്നിവർ പങ്കെടുത്തു. ഫിലിം ക്ലബ് കൺവീനർ നഷ്മ

ഇസ്മയിൽ നന്ദി പറഞ്ഞു.

















# നന്ദി...

"റൂബി"യിൽ ഒരു മഞ്ജരിയുണ്ട്. രചനകൾ ചിലപ്പോൾ ഹൃദയ സ്പർശിയാവണമെന്നില്ല. ലളിത സുന്ദരങ്ങളായ ചിത്രീകരണങ്ങൾക്ക് പ്രതീകങ്ങളുടെ തനിമ പകർന്നു നൽകാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. ആധുനികതയുടെ വേലിയേറ്റങ്ങൾക്കിടയിൽ സാമൂഹിക സമത്വത്തിനു വേണ്ടിയുള്ള മനുഷ്യരുടെ ശബ്ദങ്ങളിലെ നൂതനമായ ചലനങ്ങളെയാണ് ആവിഷ്കരിക്കാൻ ശ്രമിച്ചിട്ടുള്ളത്. ഐടി മേഖലയെ ഇഷ്ടപ്പെടുന്ന കൂട്ടുകാർക്ക് ഇത്തരം പരിശ്രമങ്ങൾ പ്രചോദനമാകട്ടെയെന്ന് ആത്മാർഥമായി പ്രാർഥിക്കുന്നതോടൊപ്പം സഹകരിച്ച എല്ലാ അധ്യാപകർക്കും സഹായിച്ച എല്ലാ കൂട്ടുകാർക്കും ഒറ്റ വാക്കിൽ

# നന്ദി

Thank You